"ഭരണഭാഷ-മാതൃഭാഷ"

Kerala Prisons &
Correctional Services

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
ഫോൺ : 0471-2342532
ഇമെയിൽ:keralaprisons@gov.in
തീയതി : 18-11-2019

## സർക്കുലർ നം 55

സർക്കാർ, കോടതികൾ, കമ്മീഷനുകൾ , നിയമസഭ, രാജ്യസഭ / ലോക് സഭ എന്നിവിടങ്ങളിൽ നിന്നും ആവശ്യപ്പെടുന്ന അന്തേവാസികളുടെ വിവരങ്ങൾ , സ്ഥിതി വിവര കണക്കുകൾ എന്നിവ സമയബന്ധിതമായി ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നും നൽകേണ്ടതുണ്ട്. ടി വിവരങ്ങൾ ജയിലുകളിൽ നിന്നും ആവശ്യപ്പെടുമ്പോൾ ജയിൽ സൂപ്രണ്ടുമാർ വ്യക്തിപരമായ ശ്രദ്ധയും താൽപ്പര്യവും പുലർത്താതെയും തൻ്റെ കീഴിലുള്ള ഉദ്യോഗസ്ഥരെ മാത്രം ചുമതലപ്പെടുത്തി തയ്യാറാക്കുകയും അവശ്യം വേണ്ട സൂക്ഷ്മ പരിശോധന നടത്താതെയും ആവശ്യപ്പെടുന്ന സമയക്രമം പാലിക്കാതെയും റിപ്പോർട്ട് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം അലക്ഷ്യമായും നിരുത്തരവാദപരമായും തയ്യാറാക്കുന്ന വിവരങ്ങൾക്ക് അനുബന്ധമായി കൂടുതൽ എഴുത്തുകുത്തുകളും അന്വേഷണവും വേണ്ടിവരുന്നു. തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് മൂലം വിശദീകരണം നൽകേണ്ടതായു വന്നു ചേരുന്നു. ആയതിനാൽ ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ, കണക്കുകൾ സ്ഥാപന മേധാവികൾ സൂക്ഷമ പരിശോധന നടത്തിയതിന് ശേഷം കൃത്യ സമയത്തിനുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. സമയക്രമത്തിൻ്റെ കാര്യത്തിലും വിവരങ്ങളുടെ കൃത്യതയുടെ കാര്യത്തിലും മേലിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

G5-25767/2019/PrHQ

4dbae2